# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3689 — 20-6-2018 – ൽ മറുപടിയ്ക്ക്

## ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ പ്രസിഡന്റുമാർ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഹൈബി ഈഡൻ : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളിലെ പ്രസിഡന്റുമാർ വിരമിക്കുമ്പോൾ ആക്റ്റ് പ്രകാരം പ്രസിഡന്റിന്റെ ചുമതല ആർക്കാണ് നൽകേണ്ടതെന്ന് വ്യക്തമാക്കുമോ; | (എ) | 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിലെ സെക്ഷൻ 22 D പ്രകാരം, ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളിലെ പ്രസിഡന്റുമാർ വിരമിക്കുമ്പോൾ, അതേ ഫോറത്തിലെ ഏറ്റവും സീനിയറായ അംഗത്തിനാണ് പ്രസിഡന്റിന്റെ ചുമതല നൽകേണ്ടത്. |
| (ബി) പ്രസ്തുത ആക്റ്റിന് വിരുദ്ധമായി, ഏതെങ്കിലും ഫോറങ്ങളിലെ പ്രസിഡന്റുമാർ വിരമിച്ചപ്പോൾ തൊട്ടടുത്ത ജില്ലയിലെ പ്രസിഡന്റിന് ചുമതല നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലെന്ന് വ്യക്തമാക്കുമോ;<br><br>(സി) ആക്റ്റിന് വിരുദ്ധമായി പ്രസിഡന്റിന്റെ ചുമതല നൽകിയത് റദ്ദാക്കി ആക്റ്റിൽ പരാമർശിക്കുന്ന പ്രകാരം ചുമതല നൽകുവാനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) & (സി) | കോട്ടയം ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിലെ നിലവിലുള്ള രണ്ട് അംഗങ്ങൾക്കെതിരെയും സർക്കാരിന് നിരവധി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ, പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് കണ്ടെത്തിയതിനാൽ, ഉപഭോക്തൃ സംരക്ഷണ ചട്ടത്തിലെ റൂൾ 8(2) പ്രകാരം, കൂടുതൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഹൈക്കോടതി രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിരുന്നു. അതിനാൽ കോട്ടയം ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിലെ പ്രസിഡന്റ് വിരമിച്ചപ്പോൾ പത്തനംതിട്ട ഫോറത്തിലെ പ്രസിഡന്റിന്, കോട്ടയം ഫോറം പ്രസിഡന്റിന്റെ താല്ക്കാലിക ചുമതല നൽകിയിട്ടുണ്ട്. |

Chandralekha R.L

സെക്ഷൻ ഓഫീസർ